# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3610 — 20.10.2016-ൽ മറുപടിക്ക്

## നാലുവരിപ്പാതയുടെ നിർമ്മാണത്തിന് കാസർഗോഡ് ജില്ലയിലെ സ്ഥലമെടുപ്പ്

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) നാലുവരിപ്പാതയുടെ നിർമ്മാണത്തിന് കാസർഗോഡ് ജില്ലയിൽ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര സ്വകാര്യ വ്യക്തികളുടെ എത്ര സ്ഥലമാണ് അക്വയർ ചെയ്യുന്നതെന്നും ഇവർക്കു നൽകുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്നും വ്യക്തമാക്കുമോ;<br><br>(ബി) കാസർഗോഡ് ജില്ലയിൽ നാലുവരി-പ്പാതയ്ക്ക് റോഡിന്റെ ഇരുവശങ്ങളിൽ നിന്നും സ്ഥലമെടുക്കാതെ ഒരു വശത്ത് നിന്ന് മാത്രം സ്ഥലമെ-ടുക്കാൻ തീരുമാനിച്ചത് പക്ഷപാത-പരമാണെന്ന പരാതി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ: ഇക്കാര്യത്തിൽ അന്വേഷണം നടത്തി തുല്യനീതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;<br><br>(സി) സർക്കാർ ഭൂമി യഥേഷ്ടം ലഭ്യമാ-ണെങ്കിലും സ്വകാര്യ വ്യക്തികളുടെ ഭൂമി മാത്രമാണ് നാലുവരിപ്പാതയ്ക്ക് അക്വയർ ചെയ്യുന്നതെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ചും അന്വേഷിച്ചു നീതിപൂർവ്വമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | (എ) (ബി) & (സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ, ദേശീയപാത മാനദണ്ഡ പ്രകാരം അലൈൻമെന്റ് തയ്യാറാക്കിയാണ് കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നത്. നാലുവരിപ്പാതയുടെ നിർമ്മാണത്തിന് കാസർഗോഡ് ജില്ലയിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല. സ്ഥമെടുപ്പ് നടപടികൾ പൂർത്തിയായാൽ മാത്രമേ ഇതു സംബന്ധിച്ച മറ്റു വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

| | |
|---|---|
| (ഡി) നാലുവരിപ്പാത കടന്നു വരുന്ന കാസർഗോഡ് പുതിയ ബസ്സ്റ്റാന്റ് ഭാഗത്ത് ഫ്ലൈഓവർ നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ; മറ്റു പ്രധാനപട്ടണങ്ങളിൽ വാണിജ്യ കേന്ദ്രങ്ങളെ ഒഴിവാക്കുന്നതിനുവേണ്ടി ബൈപ്പാസ് നിർമ്മിച്ചത് പോലെ കാസർഗോഡ് ബൈപ്പാസ് നിർമ്മിക്കാൻ ആലോചനയുണ്ടോ? | (ഡി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാത നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ M/s AECOM Consultants എന്ന ഏജൻസിയെ ഏൽപ്പിച്ച് തയ്യാറാക്കിവരികയാണ്. ഡി.പി.ആർ കിട്ടിയാലേ ഫ്ളൈഓവറിന്റെയും, ബൈപ്പാസിന്റേയുമൊക്കെ പദ്ധതികളെക്കുറിച്ച് അറിയാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ